**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** **08-10-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ വികസനവും ടൂറിസം മേഖലയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിനു ഗുണപ്രദമാകുമെന്നും പ്രതീക്ഷിയ്ക്കുന്നു. നിലവിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിനു ഇത് സഹായകരമാകുന്നതോടൊപ്പം വിനോദ സഞ്ചാര വളർച്ചയ്ക്കും പ്രാദേശിക തൊഴിൽ സംരംഭങ്ങളുടെ പുരോഗതിക്കും ഇടയാക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമോ; വിശദമാക്കുമോ; | (ബി) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിനു ഗുണപ്രദമാകുമെന്നും പ്രതീക്ഷിയ്ക്കുന്നു. നിലവിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിനു ഇത് സഹായകരമാകുന്നതോടൊപ്പം വിനോദ സഞ്ചാര വളർച്ചയ്ക്കും പ്രാദേശിക തൊഴിൽ സംരംഭങ്ങളുടെ പുരോഗതിക്കും ഇടയാക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായിക്കുമോ; വിശദമാക്കുമോ? | (സി) | സൈക്കിൾ യാത്രകൾ ഗ്രാമീണ ടൂറിസം മേഖലയുടെ ഒരു പ്രധാന ആകർഷണമാണ്. വിനോദസഞ്ചാര മേഖലയ്ക്ക് ഒരു പുതിയ ഉൽപ്പന്നം എന്ന രീതിയിൽ സൈക്കിൾ ടൂറിസം വളർത്തുവാൻ ഇത് സഹായിക്കും . പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കാർബൺ ന്യൂട്രൽ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് സഹായിക്കും . തീരദേശ ഹൈവേ നിർമ്മാണത്തിൽ ആവശ്യമായ ഇടങ്ങളിൽ സൈക്കിൾ ട്രാക്കുകൾ ഉൾപ്പെടുത്തുന്നത് ഡെസ്റ്റിനേഷൻ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | ഈ പ്രദേശത്തെ ടൂറിസം ആക്ടിവിറ്റികൾ കൂടുതൽ ആകർഷകമാക്കുന്നതിനും സഹായിക്കും. |

സെക്ഷൻ ഓഫീസർ